ഭരണഭാഷ മാതൃഭാഷ

നമ്പർ - ICDS - B2/7512/2021

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,പൂജപ്പുര,തിരുവനന്തപുരം,
തീയതി :27.10.2021
email:directorate.wcd@kerala.gov.in
Phone No. 0471 - 2346534

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം - വനിത ശിശുവികസന വകുപ്പ് - ICDS - അങ്കണവാടികളിൽ 2021 നവംബർ 1 ന് പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന - (1)ഈ കാര്യാലയത്തിലെ 28.05.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.
(2)പ്രീ സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ഈ കാര്യാലയത്തിലെ 09.07.2021 തീയതിയിലെ ഇതേ നമ്പർ മാർഗ്ഗ നിർദേശങ്ങൾ.

എല്ലാ വർഷവും എന്നപോലെ ഇക്കൊല്ലവും നവംബർ 1 കേരളപ്പിറവിയോടനുബന്ധിച്ച് അങ്കണവാടികളിൽ പ്രവേശനോൽസവം സംഘടിപ്പിക്കേണ്ടതുണ്ട്. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അങ്കണവാടികളിൽ കുട്ടികൾക്ക് നേരിട്ട് എത്തി പ്രീ സ്കൂൾ പ്രവേശനം നേടാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ നവംബർ 1 മുതൽ 5 വരെയുള്ള തീയതികളിൽ അങ്കണവാടി പ്രവർത്തകർ, ALMSC അംഗങ്ങൾ എന്നിവർ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അങ്കണവാടിയിൽ പ്രീസ്കൂൾ പ്രവേശനം നേടേണ്ട കുട്ടികളുടെ വീടുകളിൽ എത്തി കുട്ടികളെ എൻറോൾ ചെയ്യിക്കേണ്ടതാണ്. ഇതേ തുടർന്ന് നവംബർ 6 ശനിയാഴ്ച

പുതുതായി അങ്കണവാടികളിൽ അഡ്മിഷൻ എടുത്ത കുട്ടികളുടെ രക്ഷിതാക്കളെ അങ്കണവാടികളിൽ ക്ഷണിച്ചുവരുത്തി അങ്കണവാടി പ്രീസ്കൂൾ, ഇതര സേവനങ്ങൾ സംബന്ധിച്ച് ഒരു ഓറിയന്റേഷൻ ALMSC യുടെ സഹകരണത്തോടെ നൽകേണ്ടതാണ്, ഇതിനായി സൂചന (1) പ്രകാരം നൽകിയ വെബിനാറിലെ നോട്ടുകളെ ഉപയോഗപ്പെടുത്താം. കോവിഡ് -19 പശ്ചാത്തലത്തിൽ പ്രീ-സ്കൂൾ പഠന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന രീതിയിൽ 'കിളിക്കൊഞ്ചൽ' സംപ്രേക്ഷണം ചെയ്തുവരികയാണ്. പ്രസ്തുത പരിപാടിയെക്കുറിച്ചും രക്ഷിതാക്കളെ അറിയിക്കേണ്ടതാണ്. നിലവിൽ അങ്കണവാടിയിൽ പഠിച്ച് കൊണ്ടിരിക്കുന്ന കുട്ടികൾ ഉണ്ടാക്കിയ മെറ്റീരിയലുകൾ/പോർട്ട്ഫോളിയോ പ്രദർശനം അങ്കണവാടിയിൽ അന്നേദിവസം നടത്തേണ്ടതാണ്. കോവിഡ് സമയത്തെ പ്രീസ്കൂൾ പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന (2) പ്രകാരം നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി തുടർന്നും പാലിക്കേണ്ടതാണ്. ALMSC അംഗങ്ങൾ , വാർഡ് മെമ്പർ എന്നിവരുടെ സഹകരണത്തോടെ പ്രവേശനോത്സവ പരിപാടി കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സംഘടിപ്പിക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർ, സി.ഡി.പി.ഒ, സൂപ്പർവൈസർ എന്നിവർ നിർബന്ധമായും നവംബർ 6-ാം തീയതിയിലെ പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പ്രവേശനോത്സവത്തിനുശേഷം പുതുതായി എൻറോൾ ചെയ്ത കുട്ടികളുടെ വിവരങ്ങൾ പ്രൊഫോർമയിൽ ശേഖരിച്ച് ശിശുവികസന പദ്ധതി ഓഫീസർമാർ ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും പ്രോഗ്രാം ഓഫീസർമാർ ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ നവംബർ 15 നുള്ളിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**

**പകർപ്പ്: 1) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും**
**2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.**

Sg

## അങ്കണവാടിയിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ വിവരങ്ങൾ

ഐ.സി.ഡി.എസ് ന്റെ പേര് :

പഞ്ചായത്ത് :

അങ്കണവാടി സെന്റർ നമ്പർ :

കുട്ടിയുടെ പേര് :

ജനന തീയതി, വയസ്സ്, Sex :

മേൽ വിലാസം :

അച്ഛന്റെ പേര് :

അമ്മയുടെ പേര് :

രക്ഷിതാവിന്റെ പേര് :

ഫോൺ നമ്പർ :

പ്രവേശനം നേടിയ തീയതി :

അങ്കണവാടി വർക്കറുടെ പേര് :

ഒപ്പ് :

Sg

II

## അങ്കണവാടിയിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

ജില്ല :

| | |
|---|---|
| ഐ.സി.ഡി.എസ് ന്റെ പേര് | |
| പഞ്ചായത്ത് | |
| അങ്കണവാടികളുടെ എണ്ണം | |
| ആകെ എൻറോൾ ചെയ്ത കുട്ടികളുടെ എണ്ണം | |

ഒപ്പ്

സീൽ ശിശുവികസന പദ്ധതി ഓഫീസർ

Sg

III

## അങ്കണവാടിയിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | ഐ.സ്.ഡി.എസിന്റെ പേര് | ആകെ എൻറോൾ ചെയ്ത കുട്ടികളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|
| 1 | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ | | | | |

ഒപ്പ്

സീൽ പ്രോഗ്രാം ഓഫീസർ

Sg